# മഹാത്മാഗാന്ധി സർവ്വകലാശാല

## പരിപത്രം

നം: എഡി. എ VI/MEDISEP-MGU/2018/ഭ.വി                                   തീയതി: 30/10/2018

**വിഷയം:** സർവ്വകലാശാല ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) - ജീവനക്കാരുടെ വിവരങ്ങൾ സമർപ്പിച്ചതിൻമേൽ-ഗവൺമെന്റ് നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ നടപ്പാക്കുന്നത് - സംബന്ധിച്ച്:-

കേരള സർക്കാറിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ MEDISEP- ൽ അംഗമായി ചേരുന്നതിന് സർവ്വകാലാശാല ജീവനക്കാർ തങ്ങളെ സംബന്ധിച്ച് നൽകിയ വിവരങ്ങൾ സർക്കാരിന് കൈമാറിയിരുന്നു. ജീവനക്കാർ നൽകിയ വിവരങ്ങൾ പുന: പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ നടത്തുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സാഹചര്യത്തിൽ എല്ലാ ജീവനക്കാരും MEDISEP അംഗത്വത്തിന് വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

1. mgu.ac.in എന്ന വെബ്സൈറ്റിലെ employee portal സന്ദർശിച്ച് MEDISEP ൽ നൽകിയ വിവരങ്ങൾ സ്വന്തം നിലയ്ക്ക് സൂക്ഷമപരിശോധന നടത്തുക.
2. പരിശോധനാശേഷം തിരുത്തലുകളോ കൂട്ടിചേർക്കലുകളോ വേണ്ടതുണ്ടെങ്കിൽ ആയത് രേഖാമൂലം 1/11/18 മുതൽ 9/11/18 വരെയുള്ള കാലയളവിൽ മറുവശത്ത് കാണിച്ചിരിക്കുന്ന മാതൃകയിൽ **എഡി.എVI** സെക്ഷനിൽ സമർപ്പിക്കുക.

നിശ്ചിത തീയതിക്കകം രേഖാമൂലം സമർപ്പണം നൽകാത്തവർ, ഇതിനകം നൽകിയ വിവരങ്ങൾ ശരിയെന്ന് ബോധ്യപ്പെട്ടതായി അനുമാനിച്ച് അന്തിമമെന്ന് കരുതുന്നതും, അതിൻപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. .

MEDISEP സംബന്ധിച്ച്, കേരള സർക്കാരിലേക്ക് നൽകിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ പുന:പരിശോധിച്ച് തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനുള്ള അവസാന അവസരമായി ഇത് കണക്കാക്കേണ്ടതാണ്.

ജോയിന്റ് രജിസ്ട്രാർ I (ഭ.വി)
രജിസ്ട്രാർക്കുവേണ്ടി.

| പേര് | പി.എഫ് നം | തിരുത്തൽ/കൂട്ടിച്ചേർക്കൽ |
|---|---|---|
| | | |

തീയതി:

ഒപ്പ്